(ജി) കിലയ്ക്കാവശ്യമായ ഫാക്കൽട്ടിയംഗങ്ങൾ, ഭൗതിക സാഹചര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും, പരിശീലനത്തിനായുള്ള ഷെഡ്യൂളുകൾ, കൈപ്പുസ്തകങ്ങൾ, സെമിനാറുകൾ, പ്രബന്ധങ്ങൾ, നിരവധി പരിശീലന പരിപാടികൾ എന്നിങ്ങനെ വിവിധ പരിപാടികളിലൂടെ 'കില'യുടെ പ്രവർത്തനം വിപുലവും മെച്ചപ്പെട്ടതുമായി. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്കു പരിശീലനം നൽകുന്നതോടൊപ്പം ഇന്ത്യയിലെ തന്നെ പ്രധാന സ്ഥാപനങ്ങളിൽ ഒന്നായി 'കില' മാറിയിട്ടുണ്ട്.

(എച്ച്) ഉദിക്കുന്നില്ല.

കാപ്പ്ഡെക് പദ്ധതിയുടെ നേട്ടം

21 (4456) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പ്ഡെക് എന്ന പദ്ധതിപ്രകാരം നടത്തിയ പ്രവർത്തനങ്ങളുടെ നേട്ടമെന്തെല്ലാം ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമാണ് നേട്ടമുണ്ടായത് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഏർപ്പെടുത്തിയ മെഷിനറികൾക്കും ഏതെങ്കിലും ജില്ലയുടേയും ബ്ലോക്കിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ നഗരസഭയുടെയോ സമഗ്ര വികസന പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഇപ്രകാരം ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കാൻ സാധിക്കാത്ത പക്ഷം അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധ രംഗങ്ങളിൽ വിവിധയിനം പരിശീലനം നൽകുവാൻ കഴിഞ്ഞു. കിലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് വലിയൊരളവുവരെ സഹായകമായി.

(ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകിയ പരിശീലനത്തിന്റെ ഫലമായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഒരളവുവരെ ഉപകരിച്ചു. കിലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

(സി) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി നടന്ന പരിശീലന പരിപാടികൾക്കാണ് കാപ്പ്ഡെക് പദ്ധതി മുൻതൂക്കം നൽകിയെന്നതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതി രൂപീകരണത്തിന് പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക തദ്ദേശഭരണ സ്ഥാപനത്തിനെ കേന്ദ്രീകരിച്ച് സമഗ്ര വികസന പദ്ധതി രൂപീകരിക്കലായിരുന്നില്ല കാപ്പ്ഡെക് പദ്ധതിയുടെ ലക്ഷ്യം.

(ഡി&ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly